ശ്രീ. സി. ടി. അഹമ്മദ് അലി : സർ, എൻഡോസൾഫാൻ ദുരന്തം കാരണം എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും അവരുടെ ആശ്രിതരിൽ എത്ര പേർക്ക് എന്തു തുക വീതം സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ളവർക്ക് അഞ്ചുലക്ഷത്തിൽ കുറയാത്ത തുക സാമ്പത്തിക സഹായം നൽകാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അനുബന്ധം 1 ബഹുമാനപ്പെട്ട അംഗം വായിക്കാതെ വന്നതിന്റെ ഫലമായിട്ടാണ് ഇങ്ങനെ ചോദിക്കാൻ ഇടയായത്. അത് വായിച്ചാൽ വിശദമായി മനസ്സിലാക്കാൻ കഴിയും. അത് ചെയ്യണമെന്ന് അദ്ദേഹത്തോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

[ചോദ്യോത്തര സമയം കഴിഞ്ഞു.]

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റേഷൻ കടകൾവഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതികൾ

5 (*4) ശ്രീ. ബാബുപോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കടകൾവഴി കൂടുതൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്പോൾ റേഷൻ കടകൾവഴി ഏതെല്ലാം ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്നും പുതിയ പദ്ധതിപ്രകാരം ഏതെല്ലാം ഇനം സാധനങ്ങൾകൂടി വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് വരുന്ന മൊത്തം ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഉണ്ട്.

(ബി) ഇപ്പോൾ ശബരി എ.ആർ.ഡി. പദ്ധതിപ്രകാരം 1674 റേഷൻ കടകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും മാവേലി സ്റ്റോറുകളിലെ വിലയ്ക്ക് വിൽക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ എല്ലാ റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കടകൾവഴിയും നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സബ്സിഡിയില്ലാത്ത അവശ്യ സാധനങ്ങൾ (Non PDS) കൂടി റേഷൻ കടകൾവഴി വിതരണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(നി&ഡി) ഉണ്ട്. 337 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ 25% കേന്ദ്ര സർക്കാർ അനുവദിക്കുന്നതിനുള്ള ശുപാർശയാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ അത് അനുവദിക്കാത്തതിനാൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ലഭ്യമാക്കിയ സഹായങ്ങൾ

6 (*5) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം നൽകുന്നകാര്യത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം I ആയി വച്ചിട്ടുണ്ട്.*

(സി) വിശദാംശങ്ങൾ അനുബന്ധം II ആയി വച്ചിട്ടുണ്ട്.*

ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

7 (*6) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ അടുത്ത സാമ്പത്തികവർഷം ആകെ എത്ര കോടി രൂപയുടെ ചെലവ് ഉണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly